ബഹുനില ഫ്ളാറ്റുകളുടെ നിർമ്മാണം

181[414] . ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റീസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ നഗരങ്ങളിൽ വ്യാപകമായി ബഹുനില ഫ്ളാറ്റുകളുടെ നിർമ്മാണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ടൗൺ പ്ലാനിംഗ് ആക്റ്റുകളും കേരള മുനിസിപ്പാലിറ്റി ആക്ടും കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളും അനുസരിച്ച് ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പുതിയ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ശുചീകരണവർഷം

19[1416] . ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റീസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 ശുചീകരണ വർഷമായി ആചരിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ പരിപാടികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത് ;

(സി) ഇതിനുവേണ്ടി ചെലവായ തുകയെത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ അടുത്ത ഒരു വർഷക്കാലം തീവ്രയത്ന ശുചീകരണ പരിപാടികളും ബോധവല്ക്കരണ പരിപാടികളും നടത്താൻ എല്ലാ നഗരസഭകൾക്കും സർക്കാർ നിർദ്ദേശം നല്കിയിരുന്നു.

(ബി) ചുവടെ പറയുന്ന പരിപാടികളാണ് ആവിഷ്കരിച്ചു നടപ്പാക്കാൻ നിർദ്ദേശം നല്കിയിട്ടുള്ളത്.

1. ശുചീകരണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തവും സഹകരണവും ഉണ്ടാക്കുക.

2. നഗരത്തിലെ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും മെച്ചപ്പെട്ട ശാസ്ത്രീയ രീതി അവലംബിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. സൗകര്യങ്ങളും ഉള്ളതും മാലിന്യങ്ങളും സംസ്കരിക്കുന്നതിന് അനുയോജ്യവുമായ കെട്ടിടങ്ങളിൽ മാത്രം ആശുപത്രി തുടങ്ങുവാൻ ലൈസൻസ് നൽകുക. മാലിന്യങ്ങളും ആശുപത്രി അധികൃതരുടെ ചുമതലയിൽ സംസ്കരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകളും ലൈസൻസിൽ നല്കുക.

4. ഓടകളും റിപ്പയർ ചെയ്യുക, ശുചിയാക്കുക, ഓടയിൽനിന്നു മാറ്റുന്ന മാലിന്യങ്ങളും അപ്പോൾതന്നെ നീക്കം ചെയ്യുക.

5. നഗരങ്ങളിൽ പൊതുകക്കൂസുകളും ടോയ്ലറ്റുകളും സ്ഥാപിക്കുക

6. റോഡരികിലും, പൊതു സ്ഥലങ്ങളിലും മാലിന്യങ്ങളും കെട്ടിട നിർമ്മാണ അവശിഷ്ടങ്ങളും നിക്ഷേപിച്ച് പരിസരം മലീമസമാക്കുന്ന പ്രവണത തടയുക. ഇത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കുക.

7. കൊതുക് നിവാരണ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തുക. ആയതിന് സന്നദ്ധ സംഘടനകളുടേയും മറ്റു ഏജൻസികളുടെയും ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുക.

(സി) ഉദിക്കുന്നില്ല.

കല്പാത്തി പുഴയോരത്തെ മലിനീകരണം

20.[1419] ശ്രീ. സി.എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റീസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നഗരസഭാ അതിർത്തിയിൽ 1-ാം വാർഡിൽ മുത്തുപ്പട്ടണം മുതൽ ശ്രീ വിശ്വനാഥക്ഷേത്രം വരെ കല്പാത്തി പുഴയോരം മലിനമായിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുഴയോരം ശുചീകരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുനിസിപ്പൽ തൊഴിലാളികളെ ഉപയോഗിച്ച് ശുചീകരണം നടത്തി വരുന്നുണ്ട്.

വടകര മുനിസിപ്പാലിറ്റിയിലെ സേവാദൾ ലൈബ്രറി റീഡിംഗ് റൂമിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

21.[1422] ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റീസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മുനിസിപ്പാലിറ്റിയിൽ സേവാദൾ ലൈബ്രറി റീഡിംഗ് റൂമിനുവേണ്ടി പുതുതായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് കെ.ബി.ആർ ഏകീകരണം ലഭിക്കേണ്ടതിലേക്ക് തദ്ദേശ സ്വയംഭരണ (എം) വകുപ്പിലേക്ക് സമർപ്പിക്കപ്പെട്ട അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന പ്രസ്തുത ലൈബ്രറിക്ക് കാലവിളംബം കൂടാതെ കെ. ബി. ആർ. ഏകീകരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly